# പതിനാലാം കേരളനിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **08.11.2016-ൽ മറുപടിക്ക്**

**ചോദ്യം നം: 6389**

## ജോലി വാഗ്ദാനം നൽകി തട്ടിപ്പ്

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോൺ ഫെർണാണ്ടസ്** | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| (എ) 2013-ൽ, അമേരിക്കയിൽ ജോലി വാഗ്ദാനം നൽകി തട്ടിപ്പ് നടത്തിയ സോബി ജോർജ്ജ്, പീറ്റർ വിൽസൺ എന്നിവർക്കെതിരെ കൊച്ചി താലൂക്ക് ഇടക്കൊച്ചി വില്ലേജിൽ റബിൻസൺ, അജേഷ്, ശരത്ത്, വിജേഷ്, ശിവദാസൻ, ശ്യാം എന്നിവർ 16.07.2016-ന് സമർപ്പിച്ച പരാതിയിൽ (G160704839) സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കുമോ; | (എ) ശ്രീ. റബിൻസൺ, കെ.എ. അജേഷ്, ശരത്, വിജേഷ്, ടി.കെ. ശിവദാസൻ, ശ്യാം കെ.എസ്. എന്നിവർ സമർപ്പിച്ച പരാതി അന്വേഷണത്തിനും അനന്തര നടപടി സ്വീകരിച്ച് പരാതിക്കാർക്ക് മറുപടി നൽകുന്നതിനുമായി എറണാകുളം റേഞ്ച് പോലീസ് ഇൻസ്പെക്ടർ ജനറലിന് നൽകിയിട്ടുണ്ട്. |
| (ബി) സാധാരണ കുടുംബത്തിൽപ്പെട്ട തൊഴിൽ രഹിതരായ ടി യുവാക്കൾക്ക് നഷ്ടമായ പണം എന്നത്തേയ്ക്ക് തിരികെ ലഭ്യമാക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) ജോലി വാഗ്ദാനം ചെയ്ത് തട്ടിപ്പ് നടത്തിയ കാര്യത്തിന് സോബി ജോർജ്ജ്, പീറ്റർ വിൽസൺ എന്നിവർക്കെതിരായി മേൽപ്പറയുന്ന പരാതിക്കാർ ആവലാതിക്കാരായി പള്ളുരുത്തി പോലീസ് സ്റ്റേഷനിൽ യഥാക്രമം 1703/14, 1702/14, 1731/14, 1732/14, 1701/14 നമ്പരുകളിലായും എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിൽ ക്രൈം 2364/13 u/s. 406, 420, 34 IPC ആയും രജിസ്റ്റർ ചെയ്ത കേസിലേയ്ക്ക് സമാനമായ തട്ടിപ്പിനിരയായ ഇടക്കൊച്ചി സ്വദേശി ശിവദാസ് എന്നയാളെ കക്ഷി ചേർത്തിട്ടുള്ളതും ടി കേസുകളുടെ അന്വേഷണം പൂർത്തിയാക്കി കോടതികളിൽ കുറ്റപത്രങ്ങൾ സമർപ്പിച്ചിട്ടുണ്ട്. നഷ്ടപ്പെട്ട പണം സംബന്ധമായ കാര്യത്തിന് ബഹു: കോടതിയാണ് തീരുമാനമെടുക്കേണ്ടത്. |

സെക്ഷൻ ഓഫീസർ